ഭാഗമായി യഥാക്രമം 2 കോടി, 1 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ ആദ്യത്തെ പ്രവൃത്തിയുടെ റിവൈസ്ഡ് ഡി.പി.ആർ.-ഉം രണ്ടാമത്തെ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു.

പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയം

135 (146) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനുതന്നെ മാതൃകയായി ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയത്തിന്റെ പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണ്?

രണ്ട് ഘട്ടങ്ങളായാണ് പ്രവൃത്തി നടത്തുന്നത്. ഒന്നാം ഘട്ടത്തിലെ റോഡ് ഒഴികെയുള്ള 90% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട പ്രവൃത്തിയുടെ എഗ്രിമെന്റ് തീയതി 28-12-2020 ആണ്. ആയതുപ്രകാരം നിലവിൽ 30% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകൾക്കും ഉപകരിക്കുന്ന രീതിയിൽ നിർമ്മിക്കുന്ന പ്രസ്തുത ശ്മശാനം എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

എഗ്രിമെന്റ് പ്രകാരം 28-06-2021-ൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ചൂർണിക്കര മിച്ചഭൂമി ഏറ്റെടുക്കൽ

136 (147) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിൽ ചൂർണിക്കര പഞ്ചായത്തിലെ ആശോക ടെക്സ്റ്റൈൽസിൽനിന്നും ഏറ്റെടുത്തതും നിലവിൽ കളിസ്ഥലമായി ഉപയോഗിച്ചുവരുന്നതുമായ ഭൂമി പഞ്ചായത്തിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറേറ്റിലെ 14409/19/18 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly